പ്രതിപക്ഷ മെമ്പർമാർ ഈ സന്ദർഭത്തിൽ വാക്കൗട്ട് നടത്തിയത് നിർഭാഗ്യകരമായിപ്പോയി. പ്രതിപക്ഷത്തിന്റെ അഭാവത്തിൽ ഈ നിയമം സർവ്വ സമ്മതമായി പാസ്സാക്കേണ്ടി വന്നതിൽ എനിക്ക് ദുഃഖമുണ്ട്. ഈ നിയമനിർമ്മാണം നമ്മുടെ സംസ്ഥാനത്തിന്റെ ജനജീവിതത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാൻ ആവശ്യമായതുകൊണ്ട്, സാമൂഹ്യതിന്മയ്ക്ക് എതിരായിട്ടുള്ള ഏറ്റവും വലിയ ഒരു നയമായതുകൊണ്ട് എല്ലാവരും അനുകൂലിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

എക്സൈസ്, പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): സർ, ഒൻപതാം കേരളനിയമസഭയുടെ അവസാന സമ്മേളനത്തിന്റെ തിരശ്ശീല വീഴുമ്പോൾ ചരിത്രത്തിന്റെ ഭാഗമാകുന്ന രണ്ട് സുപ്രധാന ബില്ലുകൾ ആൻറണി ഗവൺമെൻറിനു വേണ്ടി അവതരിപ്പിക്കാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു. അതിൽ ഒന്ന്, പട്ടികജാതി ഗോത്രവർഗ്ഗവിഭാഗങ്ങളെ വ്യാജ സർട്ടിഫിക്കറുകൾവഴി ചൂഷണം ചെയ്യുന്നത് തടയുന്നതും മറെറാന്ന്, ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെ സാമൂഹ്യ ദുരന്തവും തിന്മയുമായ ചാരായത്തിൽ നിന്നും പാവപ്പെട്ട ജനങ്ങളെ രക്ഷിക്കാനും സമ്പൂർണ്ണ മദ്യനിരോധനത്തിലേയ്ക്ക് നീങ്ങാൻ കേരള ഗവൺമെൻറ് വേഗത വർദ്ധിപ്പിക്കുന്നതുമായ അബ്കാരി (ഭേദഗതി) ബില്ലുമാണ്. ബില്ലിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ചർച്ച സജീവമാക്കിയ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളോടും ഹൃദയപൂർവ്വം ഞാൻ നന്ദി പറയുന്നു. ബിൽ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

1996-ലെ അബ്കാരി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(3) 1996-ലെ ചെത്തുതൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(പ്രതിപക്ഷാംഗങ്ങൾ വീണ്ടും സഭയിൽ ഹാജരായി)

തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, 1996-ലെ ചെത്തുതൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, 1996-ലെ ചെത്തുതൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, കേരളത്തിലെ കള്ളുചെത്ത് തൊഴിലാളികൾക്ക് പെൻഷൻ നൽകാൻ വേണ്ടിയുള്ള ഒരു ഭേദഗതി ബില്ലാണിത്. കേരളത്തിൽ തൊഴിലാളികൾക്കുവേണ്ടി ആദ്യമായി ഉണ്ടാക്കിയ ഒരു ക്ഷേമനിധി നിയമമാണ് കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി നിയമം. ആ നിയമത്തിൽ ഗ്രാറ്റുവിറ്റിയും അതുപോലെ പ്രൊവിഡൻറ് ഫണ്ടും നൽകാനുള്ള ഒരു വ്യവസ്ഥയായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കണമെന്ന് പ്രതിപക്ഷത്തും അതുപോലെ ഭരണകക്ഷിക്കകത്തുമുള്ള തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ ബില്ലിൽ ഒരു ഭേദഗതിയും അതോടൊപ്പം ആ പെൻഷൻ നൽകാൻ ഏകദേശം 30 ലക്ഷത്തോളം രൂപ, അതായത് തൊഴിലാളികളുടെ കോൺട്രിബ്യൂഷന്റെ 7.5 ശതമാനം സംഖ്യ സർക്കാരിന്റെ വിഹിതമായി നൽകാനുമുള്ള ഒരു ഭേദഗതിയും ഉണ്ട്. നിലവിലുള്ള നിയമത്തിൽ സർക്കാരിന് കോൺട്രിബ്യൂട്ട് ചെയ്യാനുള്ള വ്യവസ്ഥ ഇല്ല. അപ്പോൾ സർക്കാരിന് കോൺട്രിബ്യൂട്ട് ചെയ്യാനുള്ള വ്യവസ്ഥയും ആ തൊഴിലാളികൾക്ക് പെൻഷൻ നൽകാനുള്ള വ്യവസ്ഥയുമാണ് പ്രധാനമായി ഇതിനകത്തുള്ളത്. ബാക്കി ഒന്ന് രണ്ട് ചെറിയ കാര്യങ്ങളേ ഉള്ളൂ. ഇതാണ് ഈ ഭേദഗതി ബില്ലിനകത്തുള്ളത്.

ശ്രീ. ബേബിജോൺ: ഈ ബില്ലിലെ സെക്ഷൻ 4 (3)-ൽ തൊഴിലാളികളുടെ അംശാദായത്തിന്റെ 7.5 ശതമാനത്തിന് തുല്യമായ ഒരു തുക ഓരോ വർഷവും സർക്കാർ ഗ്രാൻറായി ഫണ്ടിലേക്ക് അംശാദായം നൽകേണ്ടതാണെന്ന് പറഞ്ഞിട്ടുണ്ട്. ഏതെങ്കിലും ഒരു സർക്കാരിന് ഇതിന്റെ തുക കൂട്ടണമെന്ന് വന്നാൽ ഇപ്പോഴത്തെ നിലയിൽ ഈ നിയമം ഭേദഗതി ചെയ്തേ ഒക്കൂ. അതുകൊണ്ട് 7.5 ശതമാനം എന്നുള്ളത് മാറ്റ് ഏതെങ്കിലും ഒരു ഗവൺമെൻറിന് കൂട്ടണമെന്നുണ്ടെങ്കിൽ നിയമഭേദഗതിക്ക് പോകാതെ ഇപ്പോഴത്തെ നിയമത്തിൽ പ്രൊവിഷൻ ഇടുന്നത് നന്നായിരിക്കും. അതിനെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: ബഹുമാനപ്പെട്ട ബേബിജോൺ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഈ ബില്ലിലെ സെക്ഷൻ 4 (3)-ൽ പറയുന്നത് an amount equal to 7.5 per cent of the employee's contribution to the fund by way of grant എന്നാണ്. ഇത് വകുപ്പ് തിരിച്ചുള്ള ചർച്ച നടക്കുന്ന സമയത്ത് ആലോചിക്കാവുന്നതാണ്.

ശ്രീ. ബേബിജോൺ: ബഹുമാനപ്പെട്ട മന്ത്രിക്ക് ഇപ്പോൾ ഓറൽ അമെൻറ്മെൻറ് കൊണ്ടുവരാൻ കഴിയുമല്ലോ. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഇത് ഗവൺമെൻറിനും മൂവ് ചെയ്യാവുന്നതാണ്. ഒരു ഓറൽ അമെൻറുമെൻറായി ബഹുമാനപ്പെട്ട മെമ്പർ കൊണ്ടുവന്നാലും അത് അംഗീകരിക്കാനുള്ള മനപ്രയാസമൊന്നും സർക്കാരിനില്ല.

ശ്രീ. പി. രാഘവൻ: സർ, ഈ ബില്ലിനെ തത്വത്തിൽ അംഗീകരിക്കുകയാണ്. ഈ ബില്ലിൽ പെൻഷൻ തുക എത്രയായിരിക്കുമെന്നത് സംബന്ധിച്ചൊക്കെ ചട്ടങ്ങളിലായിരിക്കുമല്ലോ സ്വാഭാവികമായി വരിക. ഇത് വളരെയധികം സമയമെടുത്ത് ചർച്ചചെയ്യേണ്ട ഒരു ബില്ലാണ്. എനിക്ക് ഇതിൽ അഭിപ്രായപ്പെടാനുള്ളത് പെൻഷൻ എറ്റവും

LIBRARY ARCHIVES Kerala Legislative Assembly

ചുരുങ്ങിയത് 200 രൂപയെങ്കിലുമായി നിജപ്പെടുത്തണമെന്നുള്ളതാണ്. ഇവിടെ മറ്റൊരു കാര്യം, ക്ഷേമനിധിയിൽ അംഗമായിരിക്കുകയും, എന്നാൽ ഇപ്പോഴും തൊഴിലാളി അല്ലാതായിരിക്കുകയും ജീവിച്ചിരിക്കുകയും ചെയ്യുന്ന തൊഴിലാളികൾക്കുകൂടി പെൻഷൻ ആനുകൂല്യം ലഭ്യമാകത്തക്ക നിലയിലുള്ള ഒരു ഭേദഗതി ഈ നിയമത്തിനകത്ത് കൊണ്ടുവരണം. ക്ഷേമനിധിയിൽ അവർ മെമ്പർമാരാണ്. ക്ഷേമനിധിയിലേക്ക് അവരുടെ ശമ്പളത്തിൽനിന്നും കാശ് വാങ്ങുന്നു. കേരള ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം കോടിക്കണക്കിന് രൂപ ഈ ക്ഷേമനിധിയിൽനിന്നും മറ്റ് പല ആവശ്യങ്ങൾക്കുമായി എടുത്തിട്ടുള്ളതാണ്. ആ തൊഴിലാളികൾ വളരെ ചുരുക്കം മാത്രമേ ഇനി കേരളത്തിൽ ബാക്കി ഉണ്ടാകുകയുള്ളൂ. ആ തൊഴിലാളികൾക്കുകൂടി പെൻഷൻ ആനുകൂല്യം ലഭ്യമാകത്തക്ക നിലയിൽ തീർച്ചയായും ഇതിന് മാറ്റമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കള്ളുചെത്ത് തൊഴിൽ ഏറ്റവും മഹത്തായിട്ടുള്ള ഒരു തൊഴിൽ ആയിരുന്നു. പക്ഷേ ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ ആ തൊഴിലിൽ പോലും കലർപ്പ് ചേർക്കുന്ന രീതിയിൽ നമ്മുടെ ഗവൺമെൻറ് മാറ്റിയിരിക്കുന്നു എന്നുള്ള വസ്തുത ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. കലർപ്പില്ലാതെ കള്ള് ഇത്രയും കാലം കേരളത്തിൽ കിട്ടിയിരുന്നു. മാതൃഭൂമി പത്രം കഴിഞ്ഞ കുറെ ദിവസങ്ങളായി ഇതിനെ സംബന്ധിച്ച് ലേഖന പരമ്പരകൾതന്നെ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇന്നലെ മാതൃഭൂമി പത്രത്തിൽ വന്ന ഒരു വാർത്ത ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കള്ളുഷാപ്പുകൾ വഴിയും അല്ലാതെയും അനധികൃത ചാരായം വിതരണം ചെയ്യാനുള്ള ഒരുക്കങ്ങൾ കേരളത്തിനകത്തും പുറത്തും തുടങ്ങിക്കഴിഞ്ഞു എന്നതാണ് അത്. പാലക്കാട്–ഇടുക്കി ജില്ലകൾ ചേർന്നുള്ള തമിഴ്നാട്ടിലെ ചില പ്രദേശങ്ങളിൽ വൻ തോതിൽ ഇതിനുള്ള ശ്രമമുണ്ട്. ചാരായം പ്ലാസ്റ്റിക് പായ്ക്കറ്റുകളിലാക്കിയും അല്ലാതെയും ഇവിടെ വിതരണം ചെയ്യാനുള്ള ശ്രമമുണ്ട്. ചാരായവും സദൃശ്യമായ മറ്റ് ദ്രാവകങ്ങളും നിശ്ചിത അളവിൽ പ്ലാസ്റ്റിക് പായ്ക്കറ്റുകളിലാക്കാനുള്ള യന്ത്രങ്ങൾ ഇത്തരം സ്ഥലങ്ങളിലുണ്ട്. ഇങ്ങനെ കള്ളുഷാപ്പുകളിലൂടെ ചാരായം വിൽക്കാനും മറ്റ് വിഷാംശങ്ങൾ വിൽക്കാനുമുള്ള ഒരവസരം ഈ ഗവൺമെൻറ് ഉണ്ടാക്കിക്കഴിഞ്ഞിരിക്കുകയാണ്. ഇതിൻറെയൊക്കെ ഫലമായി കള്ളുചെത്ത് തൊഴിലാളികളുടെ മാന്യമായ തൊഴിലിൽപ്പോലും വെള്ളം ചേർക്കുകയും അവരെയടക്കം വഴിയാധാരമാക്കുകയും ചെയ്യുന്ന ഒരു സ്ഥിതി ഈ ഗവൺമെൻറ് ഉണ്ടാക്കിയിരിക്കുകയാണ്.

സർ, ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ വിനീതമായി ചോദിക്കട്ടെ 22,000-ൽ അധികം വരുന്ന തൊഴിലാളികളെ ഇത്തരത്തിൽ വഴിയാധാരമാക്കിയിട്ട് വാസ്തവത്തിൽ ഈ തെരഞ്ഞെടുപ്പ് സ്റ്റണ്ട് വേണമോ? ഞങ്ങളെ അനുകൂലിക്കുന്ന പത്രമല്ല അത്. ഈ നാട്ടിൽ ചാരായം അടക്കമുള്ള മദ്യം ജനങ്ങൾ കുടിക്കാതിരിക്കാനാണോ നിങ്ങളുടെ ആഗ്രഹം, അതോ ഉൽപ്പാദിപ്പിക്കാതിരിക്കലാണോ? മദ്യവർജ്ജനമാണ് ഞങ്ങളെ സംബന്ധിച്ചിടത്തോളമുള്ളത്. മദ്യം കുടിക്കാതിരിക്കുക, മദ്യത്തിനെതിരായിട്ട് വ്യാപകമായ പ്രചാരവേലകൾ ആരംഭിക്കുക, അങ്ങനെ സമ്പൂർണ്ണ മദ്യവർജ്ജനം കേരളത്തിൽ നടപ്പിലാക്കാൻ സാധിക്കുമോയെന്നാണ് ഞങ്ങൾക്ക് അറിയാനുള്ളത്. മദ്യവർജ്ജനം നടപ്പിലാക്കാനാവശ്യമായ ഒരു ഏർപ്പാടുണ്ടാക്കുക എന്നുള്ളതാണ് ഇടതുപക്ഷമുന്നണിയെ സംബന്ധിച്ച് പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

ള്ളത്. ഇവിടെ മദ്യനിരോധനം എന്ന പേരിൽ ചാരായ നിരോധനം കൊണ്ടുവന്നിട്ട് നമ്മുടെ രാജ്യത്തെ മുഴുവൻ പ്രദേശങ്ങളിലും വിദേശമദ്യ മുതലാളിമാർക്ക് കേരളത്തിന്റെ മാർക്കറ്റ് തുറന്നുകൊടുക്കാനുള്ള ഏർപ്പാടാണ് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്തത്. വിദേശമദ്യ മുതലാളിമാർ ആട്ടിൻതോലണിഞ്ഞ ചെന്നായ്ക്കളെപ്പോലെ കേരളത്തിനകത്ത് പ്രവർത്തിച്ചുതുടങ്ങിയിരിക്കുകയാണ്. ഐക്യ ജനാധിപത്യ മുന്നണിയിലൂടെയാണ് അവർ പ്രവർത്തിച്ചുവരുന്നത്. ഈ തെരഞ്ഞെടുപ്പിൽ ആട്ടിൻതോലണിഞ്ഞ ഈ ചെന്നായ്ക്കളെ പെരുവഴിയിൽ വച്ച് തൊലിയുരിച്ച് നാൽക്കവലയിൽ കെട്ടിത്തൂക്കണം. കേരളത്തിലെ ജനങ്ങളും ഈ ചെന്നായ്ക്കളെ പിടികൂടുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നിങ്ങളുടെ പൊയ്മുഖം കേരളത്തിലെ ജനങ്ങൾക്ക് തിരിച്ചറിയാൻ സാധിക്കുമെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ.

ശ്രീ. പി. രാജു: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

(9) ''ബിൽ'' പൊതുജനാഭിപ്രായം ആരായുന്നതിനായി 1996 ഏപ്രിൽ 10-ാം തീയതിവരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, തത്വത്തിൽ ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. കേരളത്തിലെ ചെത്തുതൊഴിലാളികളുടെ വളരെക്കാലത്തെ ഒരാവശ്യമാണിത്. ഈ സംസ്ഥാനത്ത് ആദ്യമായി തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് കള്ള് വ്യവസായ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിക്കൊണ്ടാണ്. അന്നുമുതൽ തുടങ്ങിയതാണ് കള്ള് വ്യവസായ തൊഴിലാളികൾക്ക് പെൻഷൻ വേണമെന്നുള്ള ആവശ്യം. ഇപ്പോൾ ഈ നിയമത്തിലൂടെ അത് നടപ്പിലാക്കാൻ പോവുകയാണ്. പക്ഷേ, അതിൽ ഒട്ടറെ പാകപ്പിഴകളുണ്ട്. ഒന്ന് 1969-ലാണ് ഈ നിയമം പാസ്സായി വന്നിട്ടുള്ളത്. 1969-നുശേഷം ഇങ്ങോട്ട് 1995 വരെയുള്ള കാലയളവിനുള്ളിൽ ആയിരക്കണക്കിന് ചെത്തുതൊഴിലാളികൾ ജോലിയിൽനിന്ന് പിരിഞ്ഞു പോയിട്ടുണ്ട്. അവർക്ക് ഈ ബിൽ വരുന്നതുകൊണ്ട് പെൻഷൻ കിട്ടുമെന്ന വ്യവസ്ഥ ഇതിനകത്ത് ഉൾപ്പെടുത്തണം. പെൻഷൻ തുക സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ നിയമസഭയിൽ പറഞ്ഞത് 5 വർഷം പൂർത്തിയാക്കിയവർക്ക് 150 രൂപയും 10 വർഷം പൂർത്തിയാക്കിയവർക്ക് 200 രൂപയുമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നാണ്. ആ തുകതന്നെ വളരെ കുറവാണ്. ഇന്ന് 150 രൂപയും 200 രൂപയും എന്ന് പറഞ്ഞാൽ അതിന് ഒരു വിലയുമില്ല. നമ്മുടെ സംസ്ഥാനത്തെ മറ്റ് ഇതരവിഭാഗം തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി പദ്ധതിയെന്നുള്ള നിലയിൽ കൊടുക്കുന്ന പെൻഷൻ പദ്ധതിപോലെ ചെത്തുതൊഴിലാളികളുടെ പെൻഷൻ പദ്ധതിയെ കണ്ടാൽ പോര. കാരണം, ഇതിനകത്ത് ഗവൺമെന്റ് ഇപ്പോൾത്തന്നെ പറഞ്ഞിട്ടുള്ളത് തൊഴിലാളികളുടെ ഫണ്ടിനു സമാന്തരമായി 7.5 ശതമാനം തുക ഗവൺമെന്റ് പ്രതിവർഷം കൊടുക്കുമെന്നാണ്. അതുകൊണ്ട് ഈ പെൻഷൻ പദ്ധതി സമ്പൂർണ്ണമായി നടപ്പിലാക്കാൻ കഴിയുന്നതല്ല. ഒരു തുടക്കമെന്നുള്ള നിലയിൽ 7.5 ശതമാനം എന്ന് പറയുന്നത് നല്ല കാര്യമാണ്. പക്ഷേ, അത് വർദ്ധിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കണം. ഇന്ന് പെൻഷൻ പദ്ധതിക്ക് നിയമം പാസ്സായി പെൻഷൻ പദ്ധതി നടപ്പിലാക്കുമ്പോൾ 150 രൂപയോ 200 രൂപയോ തീരുമാനിച്ചാൽ പിന്നെ അതിൽ കൂട്ടാൻ പോകുന്നത് അഞ്ചോ പത്തോ പതിനഞ്ചോ രൂപയാണ്. അതുകൊണ്ട് ചെത്ത് തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതിയിൽ കാലോചിതമായ മാറ്റം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കാൻ കഴിയുംവിധം ഗവൺമെൻറിന്റെ കോൺട്രിബ്യൂഷൻ വർദ്ധിപ്പിക്കണം. അതൊന്ന്. രണ്ടാമത്തെ കാര്യം 1969 മുതൽ 1995 വരെയുള്ള കാലയളവിനുള്ളിൽ ജോലിയിൽനിന്ന് പിരിഞ്ഞുപോയിട്ടുള്ള ആയിരക്കണക്കിന് ചെത്തുതൊഴിലാളികളുണ്ട്. അവർക്ക് പെൻഷൻ കിട്ടുന്നതിനുവേണ്ടി എന്ത് വ്യവസ്ഥയാണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയാൻ താൽപ്പര്യമുണ്ട്. അതുപോലെ ഒന്ന് രണ്ട് പുതിയ വ്യവസ്ഥകൾ ഇതിനകത്ത് ചേർക്കേണ്ടതുണ്ട്. ആ വ്യവസ്ഥകൾ ഈ നിയമത്തെയാകെ തകിടംമറിക്കാനിടവരുത്തും. അതിലൊന്ന് ഫണ്ടിലേക്ക് അംശദായം നൽകുന്നില്ല. കള്ള് ചെത്ത് തൊഴിലാളികളുടെ ഫണ്ട് അടയ്ക്കുന്നതിൽ ഗുരുതരമായ വീഴ്ച ഈ സംസ്ഥാനത്തുണ്ട്. കോൺട്രാക്ടർമാർ അവരുടെ വിഹിതം അടയ്ക്കുന്നില്ല. തൊഴിലാളികളുടെ കയ്യിൽനിന്ന് പിരിക്കുന്ന സംഖ്യയും കോൺട്രാക്ടർമാർ അടയ്ക്കേണ്ട വിഹിതവും അടയ്ക്കാത്ത നൂറുകണക്കിന് കേസുകൾ നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. ആ പരിതഃസ്ഥിതിയിലാണ് തൊഴിലാളികൾക്കും തൊഴിലുടമകൾക്കും വേണമെങ്കിൽ ഈ ക്ഷേമനിധിയിൽ ഫണ്ട് അടയ്ക്കാതിരിക്കാനുള്ള സൗകര്യപ്രദമായ വ്യവസ്ഥ ഈ നിയമത്തിൽ പുതിയതായി കൊണ്ടുവരുന്നത്. അങ്ങനെ കൊണ്ടുവരുന്നത് ഈ ഭേദഗതി നിയമത്തെയാകെത്തന്നെ തകിടം മറിക്കാൻ ഇടവരുത്തും. അതുകൊണ്ട് അങ്ങനെ ഒരു ഭേദഗതി കൊണ്ടുവരുന്നത് നമുക്ക് ഒരിക്കലും ഗുണകരമായിരിക്കുകയില്ല. കേരളത്തിൽ ഇപ്പോഴത്തന്നെ കള്ള് ചെത്ത് തൊഴിലാളികൾക്ക് ക്ഷേമനിധി അടയ്ക്കേണ്ട കാര്യത്തിലുള്ള കുടിശ്ശികയുടെ കാര്യം പരിശോധിച്ചാൽ കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക ഇന്നും ഈ സംസ്ഥാനത്ത് അടയ്ക്കപ്പെടാതെ നിലനിൽക്കുന്നുണ്ട് എന്ന് കാണാം. പലയിടത്തും ചില പ്രത്യേക സാഹചര്യങ്ങളിൽ കള്ള് ഷാപ്പ് ലേലത്തിൽ പോകാത്തതുകൊണ്ട് ആ ഷാപ്പുകൾ തൊഴിലാളികളോ അല്ലെങ്കിൽ നോമിനിയായിട്ടോ ആരെങ്കിലും ലേലത്തിൽ പിടിക്കുമ്പോൾ അവർ ഗവൺമെൻറിലേക്ക് അടയ്ക്കേണ്ട തൊഴിലാളികളുടെ വിഹിതവും കോൺട്രാക്ടർമാരുടെ വിഹിതവും അടയ്ക്കാൻ കഴിയാതെ പോകുന്നതുകൊണ്ട് അതിന്റെ കുടിശ്ശിക കോടിക്കണക്കിന് വർദ്ധിച്ചിട്ടുണ്ട്. ആ പണം ഈടാക്കുന്നതിന് വ്യവസ്ഥയില്ലാത്ത സാഹചര്യത്തിലാണ് തൊഴിലാളികൾക്കും തൊഴിലുടമയ്ക്കും വേണമെങ്കിൽ ഇതിൽ പണമടയ്ക്കാതിരിക്കാനുള്ള സൗകര്യംകൂടി കൊടുക്കുന്നതെന്ന് പറഞ്ഞാൽ ഈ ക്ഷേമനിധി പദ്ധതിയുടെ കടയ്ക്കൽ കത്തിവയ്ക്കുന്ന സമീപനമാണ് ഈ ബില്ലിലൂടെ ഗവൺമെൻറ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാണ്. അതുകൊണ്ട് വീണ്ടും വീണ്ടും ആവർത്തിച്ച് പറയാനുള്ളത് ഈ നിയമം പാസ്സായി വരുമ്പോൾ 1969 മുതൽ 1995 വരെയുള്ള കാലഘട്ടങ്ങളിൽ ജോലിയിൽനിന്ന് പിരിഞ്ഞുപോയിട്ടുള്ള, മിനിമം രണ്ടുവർഷമെങ്കിലും ജോലി ചെയ്തിട്ടുള്ള ചെത്ത് തൊഴിലാളികൾക്ക് മിനിമം 250 രൂപയെങ്കിലും പെൻഷൻ കൊടുക്കുന്നതിനാവശ്യമായ ഗവൺമെൻറ് വിഹിതം ഇതിനകത്ത് ഉണ്ടാകണം എന്നാണ്. ഇത് കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചുമതലയായിട്ട് മാറ്റം മാറിയാൽ പോര. കാരണം, കഴിഞ്ഞ 5 വർഷക്കാലം ഈ നിയമസഭയിൽ പലപ്പോഴായി ആവശ്യപ്പെട്ടപ്പോഴൊക്കെത്തന്നെ ഇതാ വരുന്നു എന്നാണ് പറഞ്ഞിരുന്നത്. പക്ഷേ, തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടാണ് ഇപ്പോൾ ഈ നിയമം നടപ്പിലാക്കാൻ പോകുന്നത്. തെരഞ്ഞെടുപ്പായതുകൊണ്ടാണെന്നൊന്നും ഞാൻ കുറ്റപ്പെടുത്തുന്നില്ല. പക്ഷേ, നിയമം നടപ്പിലാക്കാനുള്ള വഴി ഇതിനു മുമ്പ് ഉണ്ടായിരുന്ന തൊഴിൽ വകുപ്പുമന്ത്രി ശ്രീ. എൻ. രാമകൃഷ്ണൻ ഈ നിയമസഭയിൽത്തന്നെ രണ്ടോ മൂന്നോ പ്രാവശ്യം ആവർത്തിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടുണ്ട്. അന്നൊന്നും ഇത് നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഗവൺമെൻറ് ഈ നിയമം നടപ്പിലാക്കുന്നത് രാഷ്ട്രീയ ഉദ്ദേശ ലക്ഷ്യത്തോടുകൂടിയാണെങ്കിൽപ്പോലും കേരളത്തിലെ ചെത്തുതൊഴിലാളികൾ സംയുക്തമായും ഒറ്റയ്ക്കും വളരെക്കാലമായി ആവശ്യപ്പെടുന്ന പ്രധാനപ്പെട്ട ഒരു ആവശ്യമെന്നുള്ള നിലയിൽ ഈ നിയമം കൊണ്ടുവന്നത് ഗവൺമെൻറ് ചെയ്ത ഒരു നല്ലകാര്യമായിട്ടാണ് ഞാൻ കാണുന്നത്. ഈ നിയമത്തിലെ അപാകതകൾ ഇവിടെ ചൂണ്ടിക്കാണിച്ചു. കേരളത്തിലെ ചെത്തുതൊഴിലാളി പ്രസ്ഥാനങ്ങൾ വളരെക്കാലമായി ആവശ്യപ്പെടുന്ന ഒരാവശ്യമുണ്ട്. അതിലൊന്ന് കള്ള് ഷാപ്പുകൾക്ക് ആധുനികമായ കെട്ടിടങ്ങൾ ഉണ്ടാകണമെന്നാണ്. അതിന് ഗവൺമെൻറ് പണം മുടക്കേണ്ട ആവശ്യമില്ല. കേരളത്തിലെ ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡിന് അതിനുള്ള പണമുണ്ട്. കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റി എന്ന പേരിൽ ആശുപത്രി കെട്ടിടങ്ങൾ പണിയാൻവേണ്ടി ഗവൺമെൻറ് ഉണ്ടാക്കിയ സൊസൈറ്റി മാതിരി കേരളത്തിലെ ചെത്തുതൊഴിലാളികൾക്കും ആധുനിക രീതിയിലുള്ള സജ്ജീകരണങ്ങളുള്ള കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടാകണം. കേരളത്തിൽ പ്രത്യേകിച്ച് തിരുവനന്തപുരം ജില്ലയിലും, കൊല്ലം ജില്ലയിലും കള്ള് ഷാപ്പുകളിൽ ചാരായം വിൽക്കുന്നത് ഒരു സുപ്രധാനമായ നടപടിയാണ്. അത് കണക്കാക്കിയാണ് ഇവിടെ ഷാപ്പുകൾ ലേലം ചെയ്യുന്നത്. ചാരായ നിരോധനം വരുമ്പോൾ സ്വാഭാവികമായി കള്ള് ഷാപ്പുകൾ ലേലം പിടിക്കുന്ന കോൺട്രാക്ടർമാർ കള്ളിൽ മായം ചേർക്കുന്നതിനും വിശിഷ്യാ ചാരായം വിൽക്കുന്നതിനും അല്ലെങ്കിൽ വിദേശമദ്യം വിൽക്കുന്നതിനുമുള്ള താൽപ്പര്യം കാണിക്കും. അതുകൊണ്ട് അത് കർശനമായി തടയണം. കള്ള് ഷാപ്പുകളിൽ കള്ള് മാത്രമേ വിൽക്കാൻ പാടുള്ളൂ. ഒരു പരമ്പരാഗത വ്യവസായമെന്നുള്ള നിലയിൽ കള്ള് മാത്രമേ വിൽക്കാവൂ എന്ന കാര്യത്തിൽ കർക്കശമായ സമീപനമുണ്ടാകണം. കള്ളിൽ മായം ചേർക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടിയുണ്ടാകണം. അതുപോലെ ഈ നിയമം നടപ്പിലാക്കുന്നതിനോടൊപ്പംതന്നെ ഇതിലെ തൊഴിലാളികൾക്ക് കോൺട്രാക്ടർമാർ അടയ്ക്കേണ്ട അംശദായം കൃത്യമായി അടപ്പിക്കുന്നതിനാവശ്യമായ സംവിധാനമുണ്ടാകണം. അതുകൊണ്ട് അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കുകയാണ്. 1969 മുതൽ 1995 വരെയുള്ള കാലഘട്ടത്തിന്റെ കാര്യം ഞാൻ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ച 150 രൂപയും 200 രൂപയുമെന്നുള്ള വിഹിതം വളരെയധികം പോരായ്മയുള്ളതാണ്. അതുകൊണ്ട് അത് കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിന് ഇപ്പോൾത്തന്നെ 7·5 ശതമാനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. അത് ഇതിന്റെ ഭാഗമായിട്ടുതന്നെ ചേർക്കാൻ കഴിയുമോയെന്നുള്ളതുകൂടി പരിശോധിക്കണമെന്നാണ് എനിക്ക് ഈ ഘട്ടത്തിലൂടെ പറയാനുള്ളത്.

തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഈ നിയമത്തിനു പൊതുവെ പ്രതിപക്ഷം അനുകൂലമാണെന്നാണ് എനിക്കിപ്പോൾ ഇവിടെ രണ്ടുമൂന്ന് പ്രതിപക്ഷമെമ്പർമാർ നടത്തിയ പ്രസംഗങ്ങളിൽനിന്നും മനസ്സിലാവുന്നത്. പക്ഷേ ഒരു കാര്യം ഞാനിവിടെ പറയട്ടെ, ശ്രീ. രാഘവൻ ഇവിടെ ചൂണ്ടിക്കാണിച്ചത് അത് 200 രൂപയെങ്കിലും വേണമെന്നാണ്. അതുപോലെ മറെറാരുകാര്യം അദ്ദേഹം പറഞ്ഞത് പിരിഞ്ഞുപോയ ആളുകൾക്ക് പെൻഷൻ കൊടുക്കണം എന്നാണ്. ഇതെല്ലാം നടപ്പാക്കുന്നതിനായി ഈ ബില്ലിനകത്ത് പ്രൊവിഷൻ ഉണ്ടാക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞുവരുന്നത് അതിന്റെ ആവശ്യമില്ലായെന്നാണ്. ഈ ബില്ലിൽ അവർക്ക് പെൻഷൻ കൊടുക്കാനുള്ള ഒരു എനേബ്ളിംഗ് പ്രൊവിഷൻ മാത്രം മതി. അതു കഴിഞ്ഞാൽ സ്കീമിനകത്ത് ഉൾപ്പെടുത്താനുള്ള അധികാരമുണ്ട്. ബഹുമാനപ്പെട്ട ബേബിജോൺ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അതാതു അവസരത്തിൽ അതിനുവേണ്ട കാര്യങ്ങളും ചെയ്താൽ മതിയാവും. അത് വളരെ ശരിയായ കാര്യമാണ്. ഇകവിലൻറ് റേറ്റ് 7·5 ശതമാനം എന്നു പറഞ്ഞാൽ പിന്നെ അത് 8 ശതമാനം ആക്കണമെങ്കിലും 10 ശതമാനമാക്കണമെങ്കിലും അതിനു അമെൻറ്മെൻറ് വേണം. അതുപോലെ പെൻഷൻ 200 രൂപ ആക്കണമെന്ന് ശ്രീ. പി. രാഘവൻ പറഞ്ഞു. നാളെ ആ ബോർഡിനു 300 രൂപ വല്ല കൊടുക്കാൻ കഴിയുമെങ്കിൽ അതിനിവിടെ അമെൻറ്മെൻറ് വേണം സർ. അതുകൊണ്ട് എല്ലാറ്റിനും ചെയ്യുന്നത് അതിനുള്ള എനേബ്ളിംഗ് പ്രൊവിഷൻ ആ സ്കീമിൽ വയ്ക്കുകയാണ്. ഇപ്പോഴും പല സ്കീമുകളിലും ഇത് അതുപോലെയാണ് ചെയ്തുവന്നിട്ടുള്ളത്. അതുപോലെ ഇതും സ്കീമിനകത്ത് പറഞ്ഞാൽ മതി. ആക്ടിനകത്തോ ബില്ലിനകത്തോ അത് പറയേണ്ട കാര്യമില്ല.

ശ്രീ. ഒ, ഭരതൻ: ശ്രീ. പി. രാജു ഇവിടെ പറഞ്ഞത് ഏറ്റവും കുറഞ്ഞ പെൻഷൻ എന്നുപറയുന്നത് 150 രൂപയും മാക്സിമം അത് 200 രൂപ വരെ ആക്കണമെങ്കിൽ അതിനുള്ള അധികാരം ബന്ധപ്പെട്ട ബോർഡിനു ഉണ്ടെന്നാണ്. അത് വർദ്ധിപ്പിക്കാനുള്ള അധികാരം ബോർഡിനു ഉണ്ടെങ്കിൽപ്പോലും അത് വർദ്ധിപ്പിക്കാനുള്ള സാഹചര്യവും ബാദ്ധ്യതയും ബോർഡിനു ഉണ്ടാവണമല്ലോ. ആ ബാദ്ധ്യതയും സാഹചര്യവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവൺമെൻറിന്റെ കോൺട്രിബ്യൂഷൻ ന്യായമായ രീതിയിൽ വർദ്ധിപ്പിക്കണമെന്നുള്ളതാണ് പ്രശ്നം.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇക്കാര്യം ഞാൻ പറയാൻ ഇരിക്കുകയായിരുന്നു. ഞാൻ അക്കാര്യത്തിലേക്ക് വരുന്നതേയുള്ളൂ. ഇവിടെ ആദ്യം പറഞ്ഞ കാര്യങ്ങൾക്ക് മറുപടി പറഞ്ഞിട്ട് രണ്ടാമത്തെ പോയിൻറിലേക്ക് ഞാൻ വരാം. ഇങ്ങനെ ധൃതിപിടിച്ചാൽ പറ്റുമോ? ഞാൻ പറയട്ടെ, നിങ്ങളും തിരക്കുവയ്ക്കണ്ട. മിസ്റ്റർ ഭരതൻ ഇവിടെ പറഞ്ഞത് 200 രൂപ ആക്കണമെന്നാണ്. പക്ഷേ ഈ ബില്ലിനകത്ത് പറയുന്നില്ല. മറ്റു പല ക്ഷേമനിധി ബില്ലിനകത്തും അത് പറയുന്നില്ല. അത് വർദ്ധിപ്പിക്കണമെങ്കിൽ അക്കാര്യം പറയേണ്ടത് അതിന്റെ സ്കീമിനകത്താണ്. അത് അതാതു അവസരത്തിൽ മാറ്റപ്പെടുത്തുകയും ചെയ്യാവുന്നതാണ്. മറ്റൊരുകാര്യം ബഹുമനപ്പെട്ട ഭരതൻ ഇവിടെ പറഞ്ഞത് ശ്രീ. പി. രാജു ഇവിടെ ചൂണ്ടിക്കാണിച്ച കാര്യമാണ്. ഞാൻ അതിനുള്ള മറുപടിയിൽ അക്കാര്യം വിശദമായിട്ട് ചൂണ്ടിക്കാണിക്കാം. ശ്രീ. രാഘവൻ ഇവിടെ പറഞ്ഞത് ഏപ്രിൽ 1-ാം തീയതി മുതൽ ഇവിടെയുള്ള കള്ള് വില്പന മുഴുവൻ അപകടത്തിലാകും; ഈ കള്ളുഷാപ്പുകളെ മുഴുവൻ തകരുമെന്നാണ്. അദ്ദേഹം പറഞ്ഞത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. മറിച്ചാണ് സംഭവിക്കാൻ പോകുന്നത്. മാതൃഭൂമി പത്രത്തിൽ ഇതുസംബന്ധിച്ച് ഒരഭിപ്രായം വന്നുവെന്നുള്ളത് ശരിയാണ്. അങ്ങ് അഭിപ്രായം പറഞ്ഞത് തെറ്റാണ് എന്ന് ഞാൻ പറയുന്നില്ല. അങ്ങിനെയൊരഭിപ്രായം അവർക്ക് ഉണ്ടാവാം. എന്നാൽ മറിച്ചും അഭിപ്രായമുണ്ട്. മറിച്ച് അഭിപ്രായം ഉണ്ടാവാൻ എന്താണ് കാരണം? ചാരായം പൂർണ്ണമായും ഇവിടെ നിരോധിക്കപ്പെട്ടു

LIBRARY ARCHIVES Kerala Legislative Assembly

ന്നതുകൊണ്ട് അതുപോലെതന്നെ വിദേശമദ്യത്തിന് 200 ശതമാനംവരെ വില വർദ്ധിപ്പിക്കുന്നതുകൊണ്ട് കള്ളിനു കൂടുതൽ പ്രിയമുണ്ടാവും. കള്ളിനുള്ള ഡിമാൻറ് കൂടും. ഇവിടെ കള്ളുഷാപ്പുകൾ ലേലത്തിൽ വിളിക്കാൻ ആളില്ലായിരുന്ന സമയവുമുണ്ടായിരുന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണല്ലോ? അതാണ് രാജ്യ ഇവിടെ ചൂണ്ടിക്കാണിച്ചത്. ചില തൊഴിലാളി സംഘടനകൾ വിളിച്ച് എടുത്തിട്ട് അവർക്ക് കോൺട്രിബ്യൂഷൻപോലും അടയ്ക്കാൻ കഴിഞ്ഞിട്ടില്ല. അതിനാണ് ഇവിടെ ഒരു എക്സ്റ്റൻഷൻ പ്രൊവിഷൻ കൊണ്ടുവന്നത്. അത് അവിടെ ആർക്കും വേണ്ട എങ്കിൽ ഞങ്ങൾക്ക് അക്കാര്യത്തിൽ നിർബന്ധമൊന്നുമില്ല. ഞാൻ അതിലേക്ക് രണ്ടാമത് വരാം. അതുകൊണ്ട് നിങ്ങൾക്ക് എന്തെങ്കിലും സംശയം അക്കാര്യത്തിലുണ്ടെങ്കിൽ ഞാൻ അതിലേക്ക് വരുമ്പോൾ നിങ്ങൾക്ക് ചോദിക്കാം. അത്തരത്തിൽ ഇവിടെ കള്ളുഷാപ്പുകൾ ലേലത്തിൽ പിടിക്കാൻപോലും ആളുകളില്ലാതെ അവസാനം തൊഴിലാളി സംഘടനകളെ ഏൽപ്പിച്ചിട്ട് ആ സംഘടനകൾ തൊഴിലാളികൾക്കുവേണ്ടി നൽകേണ്ട കോൺട്രിബ്യൂഷൻപോലും അടയ്ക്കാൻ കഴിയാത്ത സാഹചര്യം കേരളത്തിലുണ്ടായിരുന്ന കാര്യം നിങ്ങളാരും മറന്നുകാണുമെന്ന് എനിക്ക് തോന്നുന്നില്ല. കള്ളുഷാപ്പുകൾ ലേലത്തിൽ പിടിക്കാൻ ആളില്ലായിരുന്നു. എന്നാൽ ആ സ്ഥാനത്ത് ഇന്ന് ഇരട്ടിയും നാലിരട്ടിയും തുകയ്ക്കാണ് ലേലം പിടിക്കാനായിട്ട് ആളുകൾ വരുന്നത്. എന്താണതിനു കാരണം? ഇവിടെ ഇനി ചാരായം കിട്ടില്ല. വിദേശമദ്യത്തിന് 200 ഇരട്ടി വില കൊടുക്കണം. അതുകൊണ്ട് കള്ളു മാത്രമേ ഇനി ആശ്രയമുള്ളൂ എന്നും കണ്ടതിനാലാണ് കള്ളുകൊണ്ട് മാത്രമേ ഇനി ഗതിയുള്ളൂ എന്നും വന്നതുകൊണ്ടാണ് ഇവിടെ ആളുകൾ കള്ളുഷാപ്പുകൾ നാലിരട്ടിയും ആറിരട്ടിയുമൊക്കെ അധികം തുകയ്ക്ക് ലേലത്തിൽ പിടിക്കാൻ സന്നദ്ധരായി മുന്നോട്ടുവന്നിട്ടുള്ളത്. അതുകൊണ്ട് ഫലത്തിൽ എന്താണുണ്ടാവുകയെന്ന് എല്ലാവരും ഓർക്കണം. ഇതുകൊണ്ട് കള്ളുചെത്ത് തൊഴിലാളികളുടെ സ്റ്റാറ്റസ് കൂടുമെന്ന് മാത്രമല്ല സർ ആ തൊളിലാളികൾക്ക് കുറച്ചുകൂടി അന്തസ്സു കൂടും. അവരുടെ ജോലിസ്ഥിരത കുറച്ചുകൂടി ഉണ്ടാവും. അവർക്ക് കൂടുതൽ സേവന വേതന വ്യവസ്ഥകൾ ലഭിക്കാനുള്ള സാദ്ധ്യതകൂടി ഉണ്ടാവുന്ന ആ വ്യവസായത്തിന്റെ നിലനിൽപ്പിന് ഏറ്റവും നല്ലൊരു കാര്യമാണ് ഇതെന്നാണ് പല തൊഴിലാളി സംഘടനകളും അവരുടെ നേതാക്കൻമാരും ഒക്കെ അഭിപ്രായം പറഞ്ഞിട്ടുള്ളത് എന്ന കാര്യം ഞാനിവിടെ പറയുകയാണ്.

ശ്രീ. ഒ. ഭരതൻ: ഇവിടെയിപ്പോൾ പറഞ്ഞത് മുൻപ് 7 ലക്ഷം രൂപയ്ക്ക് ലേലം വിളിച്ചിട്ടുള്ള കള്ളുഷാപ്പുകളും മറ്റും അതിന്റെ നാലിരട്ടിയും ആറിരട്ടിയുമൊക്കെ തുകയ്ക്കു് ലേലത്തിൽ പിടിക്കാൻ ആളുകൾ വന്നിട്ടുണ്ടെന്ന് പറഞ്ഞല്ലോ, എന്നാൽ 7 ലക്ഷംരൂപ ലേലം വിളിച്ചിട്ട ള്ള കള്ളുഷാപ്പുകൾ 87 ലക്ഷംരൂപയ്ക്കുവരെ വിളിച്ചിരുന്നിട്ടുള്ള അവസ്ഥമുണ്ടായിട്ടുണ്ട്. കള്ള് ധാരാളമായിട്ട് വില്പന നടത്താൻ ഉദ്ദേശിച്ചുകൊണ്ടല്ല, ഇഷ്ടംപോലെ കള്ളവാറ്റും ചാരായവാറ്റും നടത്തി കള്ളും വാറ്റുചാരായവും കള്ളുഷാപ്പിൽകൊണ്ടുവന്ന് വിൽപ്പന നടത്താനുള്ള സൗകര്യമുണ്ടാവുമെന്ന് കണ്ടിട്ടാണ് ഇത്രയും വലിയ തുകയ്ക്ക് കള്ളുഷാപ്പുകൾ ലേലത്തിൽ പിടിക്കാൻ ആളുകൾ സന്നദ്ധരായിട്ടുള്ളതെന്ന കാര്യം അങ്ങേയ്ക്കറിയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ആര്യാടൻ മുഹമ്മദ്: അത് എന്തായാലും ബഹുമാനപ്പെട്ട ഭരതന്റെ അഭിപ്രായമാണ്. എന്നാൽ മറിച്ചും അഭിപ്രായമുണ്ട്. മറിച്ചുള്ള അഭിപ്രായമെന്താണ്? കള്ളച്ചാരായം നിയന്ത്രിക്കാൻ കർശനമായ നടപടികളും എടുക്കുന്നുവെന്ന് മാത്രമല്ല കൃത്രിമം കാണിച്ചാൽ, വിഷമദ്യം ഉണ്ടാക്കിയാൽ, അതിന് ഐ. പി. സി. 302 അനുസരിച്ച് കേസ് എടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇതൊന്നും ഒരുകാലത്തും മുൻപ് ഉണ്ടായിട്ടില്ല. വിദേശമദ്യത്തിന് 200 ശതമാനം ടാക്സ് കൂടി വന്നപ്പോൾ ഇനി കള്ളുകൊണ്ട് മാത്രമേ രക്ഷയുള്ളൂ എന്ന് പലർക്കും ബോദ്ധ്യമായി സർ. അപ്പോൾ ഭരതൻ പറഞ്ഞതുമാതിരിയുള്ള അഭിപ്രായവും കാണും. മറിച്ചുള്ള അഭിപ്രായവും കാണും.

ശ്രീ. എ. സി. ഷൺമുഖദാസ്: ഇവിടെ നിങ്ങൾ കൃത്രിമക്കള്ള് എന്നുപറഞ്ഞല്ലോ, അതുണ്ടാക്കുന്നവരെ ശിക്ഷിക്കുമെന്നാണ് പറഞ്ഞത്. എന്നാൽ നിങ്ങളുദ്ദേശിക്കുന്നത് തെങ്ങിൻകള്ളാണോ അതോ സിന്തെറ്റിക് കള്ളാണോ എന്നൊന്ന് വ്യക്തമാക്കിയാൽ തരക്കേടില്ല. നിങ്ങളിവിടെ കൃത്രിമക്കള്ള് എന്നും കള്ളച്ചാരായ വാറ്റ് എന്നുമൊക്കെ പറഞ്ഞല്ലോ, അതുകൊണ്ട് ചോദിക്കുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞങ്ങൾ ശുദ്ധമായ കള്ളിനെ കുറിച്ച് മാത്രമേ ചിന്തിച്ചിട്ടുള്ളൂ. ശ്രീ. ഷൺമുഖദാസ് ഇപ്പോഴും സിന്തെറ്റിക് കള്ളിനെക്കുറിച്ചാണ് ചിന്തിക്കുന്നത്. അതിന് ഞാൻ എന്തുചെയ്യാനാണ്? ഏതായാലും ഇവിടെ കള്ളിന്റെ മേൻമയല്ല സർ പ്രശ്നം. ഇത് ആ പാവപ്പെട്ട തൊഴിലാളികളുടെ ക്ഷേമത്തിന്റെ പ്രശ്നമാണ്. 1969 മുതലുണ്ടായ നിയമത്തിനു 1971 ൽ ഭേദഗതി കൊണ്ടുവന്നു. അത് ശ്രീ. രാജുവുമൊക്കെ പറഞ്ഞല്ലോ. ഇവിടെ ഞങ്ങൾ മാത്രമല്ല, നിങ്ങളും ഈ സംസ്ഥാനം പല ഘട്ടങ്ങളിലും ഭരിച്ചിരുന്നു. എന്നാൽ ആ ഘട്ടങ്ങളിലെല്ലാം രാഷ്ട്രീയാഭിപ്രായ വ്യത്യാസംകൂടാതെ ഇവർക്ക് പെൻഷൻ നൽകണമെന്നാവശ്യപ്പെട്ടു എന്നുമാത്രമല്ല ഒരവസരത്തിൽ മാർക്സിസ്റ്റ് തൊഴിലാളികളും ഗവൺമെന്റ് കോൺട്രിബ്യൂഷൻ ഇല്ലെങ്കിലും പെൻഷൻ നൽകണമെന്നാവശ്യപ്പെട്ട വരാണ്. എന്നിട്ട് നിങ്ങൾക്ക് അത് നൽകാൻ സാധിച്ചില്ല. ഇന്ന് ഞങ്ങളിത് കൊണ്ടുവന്നപ്പോൾ നിങ്ങൾക്കത് ഏഴര ശതമാനം പോരാ. 200 ഉറുപ്പിക പെൻഷൻ പോരാ, എന്താണ് സ്ഥിതി? നിങ്ങളുടെ കാലത്ത് നിങ്ങൾ ആ തൊഴിലാളികൾക്ക് 50 രൂപയെങ്കിലും കൊടുക്കാൻ ശ്രമിച്ചോ? നിങ്ങൾ ഇവിടെ ഭരിച്ചിരുന്ന കാലത്ത് നിങ്ങൾ ഏഴര ശതമാനംപോയിട്ട് അര ശതമാനമെങ്കിലും ഇവിടത്തെ പാവപ്പെട്ട കള്ളുചെത്തു തൊഴിലാളികൾക്ക് കൊടുക്കാൻ നാലുകൊല്ലക്കാലം നിങ്ങളിവിടെ ഭരിച്ചിരുന്നപ്പോൾ നിങ്ങൾ ശ്രമിച്ചോ എന്നു ഞാൻ നിങ്ങളോട് ചോദിക്കട്ടെ. ഞങ്ങൾ ഇന്ന് ആ തൊഴിലാളികൾക്ക് ഏഴര ശതമാനം കൊടുക്കാൻ തീരുമാനിച്ചപ്പോൾ നിങ്ങൾക്കത് പോരാ, ഞങ്ങൾ 150 ഉം ഇരുന്നൂറും രൂപ പെൻഷൻ കൊടുക്കാൻ കൊണ്ടുവന്നപ്പോൾ അതുപോരാ! എന്താണ് നിങ്ങളുടെ സ്ഥിതി? ഒരു ഇരുപതു ഉറുപ്പിക ഈ പാവപ്പെട്ട തൊഴിലാളികൾക്ക് കൊടുക്കാൻ കഴിയാത്തവരാണ് നിങ്ങൾ എന്ന കാര്യം നിങ്ങൾ വിസ്മരിച്ചു പോകരുത്. അക്കാര്യം ഈ രാജ്യത്തെ കള്ളുചെത്ത് തൊഴിലാളികൾ മനസ്സിലാക്കുമെന്നുമാത്രം നിങ്ങളോട് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. പക്ഷേ ഞാൻ ഒരു കാര്യം പറയട്ടെ, ഇതൊക്കെയാണെങ്കിലും ഇവിടത്തെ സി.ഐ.ടി.യു.-വിലെ കള്ളുചെത്തു തൊഴിലാളിയാണെങ്കിലും കൊള്ളാം എ. ഐ.ടി.യു.സി.-യിലെ

LIBRARY ARCHIVES Kerala Legislative Assembly

കള്ളുചെത്തു തൊഴിലാളിയാണെങ്കിലും കൊള്ളാം അതുപോലെതന്നെ ഐ.എൻ.ടി.യു.സി.-യിലെ കള്ളുചെത്തു തൊഴിലാളിയാണെങ്കിലും കൊള്ളാം ഇവരെല്ലാംതന്നെ ഈ പെൻഷൻ വേണമെന്നുള്ള അഭിപ്രായക്കാരാണ് എന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അവരുടെ എല്ലാവരുടേയും സഹായമുണ്ട്. അവരുടെ എല്ലാവരുടേയും സഹകരണമുണ്ട്. ഇവിടെ ശ്രീ. ഭരതൻ പറഞ്ഞല്ലോ, ഈ ഏഴര ശതമാനമെന്നു പറയുന്നത് കൂട്ടണമെന്ന്. അത് കൂട്ടാൻ കഴിയുമെങ്കിൽ കൂട്ടണം എന്നു തന്നെയാണ് എന്റെയും അഭിപ്രായം. ഞാൻ അതിന് എതിരല്ല. ഈ ഏഴര ശതമാനംകൊണ്ട് എല്ലാമായി എന്നുള്ള അഭിപ്രായമൊന്നും എനിക്കില്ല. ഇത് ഒരു തുടക്കം മാത്രമാണ്. അതുകൊണ്ട് അവർ ചോദിച്ചപ്പോൾ ഞാനതിന് ഉത്തരം പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. ഞാൻ ഇത്രയും പറയാനുദ്ദേശിച്ചിരുന്നതല്ല. ഇവിടെ അപ്പുറത്തുനിന്നും അവർ ഓരോന്നുചോദിച്ചു വന്നപ്പോൾ അതിന് മറുപടിയായി ഞാനിത്രയും പറഞ്ഞുവെന്നു മാത്രമേയുള്ളൂ. അതിന് അപ്പുറത്തുനിന്നും അവർ ബഹളം വയ്ക്കേണ്ട കാര്യമൊന്നുമില്ല. അവർ എല്ലാവരും അതിനോട് സഹകരിക്കുകയാണ്, അതിനെ പിൻതുണയ്ക്കുകയാണ് വേണ്ടത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഈ ബില്ലിന്റെ മൂന്നാം വായനയല്ലേ ഇപ്പോൾ നടക്കുന്നത്? ആ മൂന്നാം വായനയുടെ സമയത്ത് ഇത്രയും വിശദീകരണത്തിന്റെ ആവശ്യമുണ്ടോ? വെറുതേ നിന്ന് വിശദീകരിച്ചുകൊണ്ട് ഇല്ലാത്ത കാര്യങ്ങളെക്കുറിച്ച് പറഞ്ഞ് മറ്റുള്ളവരെ പ്രകോപിപ്പിക്കുകയല്ലേ നിങ്ങൾ അവിടെനിന്ന് ചെയ്യുന്നത്? കഴിഞ്ഞകാലത്തെ കാര്യങ്ങൾ വല്ലതും ഇവിടെ മൂന്നാം വായന സമയത്ത് പറയേണ്ട വല്ല കാര്യവുമുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ ഇതൊന്നും പറയാൻ ഉദ്ദേശിച്ചതല്ല; ഞങ്ങളെ കുറ്റപ്പെടുത്തിയപ്പോൾ സത്യങ്ങൾ പറഞ്ഞുവെന്നേയുള്ളൂ. നിങ്ങളുടെ പൂർണ്ണമായ സഹകരണം ഈ ബിൽ
10 p. m.] നടപ്പാക്കാൻ വേണം. ഇതുവരെ ആ സഹകരണം ലഭിച്ചിട്ടുണ്ട്. ഞാൻ ആ കാര്യത്തിൽ നന്ദിയുള്ളവനാണ്.

സർ, ഇവിടെ ശ്രീ. രാജു എക്സംപ്ഷൻ ക്ലാസിനെ കുറിച്ച് പറഞ്ഞു. ക്ലാസ് 4 (എ) എക്സംപ്ഷൻ ഇതിനകത്തുണ്ട്. ആ എക്സംപ്ഷൻ ആണ് ദുരുപയോഗപ്പെടുത്താൻ സാദ്ധ്യതയുണ്ടെന്നു ശ്രീ. പി. രാജു പറഞ്ഞത്. ഞങ്ങൾ ഭരിച്ചാലും നിങ്ങൾ ഭരിച്ചാലും ഈ ബോർഡിനകത്ത് വരുന്നത് ശ്രീ. കെ. പി. പ്രഭാകരനെപ്പോലുള്ള തൊഴിലാളി നേതാക്കൻമാരാണെന്നുള്ള കാര്യം മനസ്സിലാക്കണം. ഈ എക്സംപ്ഷൻ ക്ലാസിൽ എന്താണ് പറയുന്നത്, ആ ബോർഡ് റെക്കമെൻറ് ചെയ്താൽ ഗവൺമെൻറിന് ചെയ്യാമെന്നാണ്. ഇത് പറയേണ്ടിവന്ന സാഹചര്യം, ശ്രീ. രാജുവിനും ശർമ്മയ്ക്കും അറിയാം. പ്രതിപക്ഷത്തുള്ള പലർക്കുമറിയാം. തൊഴിലാളി സംഘടനകൾ ഇത് ഏറെടുത്ത ഘട്ടത്തിൽ, ആഷാപ്പ് വിളിക്കാൻ ആളുകൾ ഇല്ലാതെ ഏറെടുത്ത ഘട്ടത്തിൽ, കോൺട്രിബ്യൂഷൻപോലും കൊടുക്കാൻ കഴിയാതെ ആ സംഘടനകൾ നശിച്ചു. അതിന്റെ പൊറീഷൻ ഇന്ന് ബോർഡിന്റെ മുൻപിലിരിക്കുകയാണ്. അങ്ങനെ ട്രേഡ് യൂണിയന്റെ ആവശ്യമായിട്ടാണ് ഇത് വന്നത്. ഇത് ആർക്കും ഇഷ്ടമില്ലെങ്കിൽ ഞങ്ങൾക്ക് ഒരു നിർബന്ധവുമില്ല. അതുകൊണ്ട് ഞാൻ പറയുന്നു. എല്ലാ വികാരങ്ങളും മാനിക്കണം. കഴിഞ്ഞ കാലത്തെ ചില തൊഴിലാളികളുടെ പ്രയാസങ്ങൾ ഇല്ലായ്മ ചെയ്യാനാണ് ഇത് കൊണ്ടുവന്നത്. അതുകൊണ്ട് ആ ദേഗതി ഈ ആവശ്യത്തിനുവേണ്ടി മാത്രമാണ് എന്നേ എനിക്ക് പറയാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാജു അവതരിപ്പിച്ച 1-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

1996-ലെ ചെത്തുതൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകൾ

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. ബേബി ജോൺ: സർ, നാലാം വകുപ്പിൽ ഒരു ഓറൽ അമെൻറുമെൻറാകാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു.

തൊഴിലും വിനോദസഞ്ചാരവും വകുപ്പു മന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട ബേബി ജോൺ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. ഏകദേശം അതേ അർത്ഥത്തിലാണ് ശ്രീ. ഭരതനും സംസാരിച്ചത്. അതുകൊണ്ട് അത്തരം ഒരു ഭേദഗതി അംഗീകരിക്കാൻ ഗവൺമെൻറിന് യാതൊരു പ്രയാസവുമില്ല.

Sri. Baby John: Sir, I move the following oral amendment: In clause 4, sub-clause (3) for the words "an amount equal to 7.5 per cent" substitute the words "an amount not less than 7.5 per cent".

തൊഴിലും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, അതിൽ ഒറ ഭേദഗതിയേയുള്ളൂ. 'Minimum amount' എന്നുള്ളത് മാറ്റിയിട്ട് 'an amount not less than 7.5 per cent' എന്നാക്കിയാൽമതി. അങ്ങനെയാണെങ്കിൽ ഭേദഗതി സ്വീകരിക്കുന്നതിനു ഗവൺമെൻറിനു വിരോധമില്ല.

ശ്രീ. ബേബി ജോൺ അവതരിപ്പിച്ച ഓറൽ അമെൻറുമെൻറ് സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5 മുതൽ 11 വരെയുള്ള വകുപ്പുകൾ

5 മുതൽ 11 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

5 മുതൽ 11 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിലും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, 1996-ലെ ചെത്തുതൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. സി. ടി. അഹമ്മദ് അലി): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

1996-ലെ ചെത്തുതൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(4) 1996-ലെ ഇൻഡ്യൻ പിൻതുടർച്ചാവകാശ (കേരള ഭേദഗതി) ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1996-ലെ ഇൻഡ്യൻ പിൻതുടർച്ചാവകാശ (കേരള ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1996-ലെ ഇൻഡ്യൻ പിൻതുടർച്ചാവകാശ (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. സി. ടി. അഹമ്മദ് അലി): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. പി. രാഘവൻ: സർ, ഞാൻ ബില്ലിന്റെ അവതരണത്തെ എതിർക്കുന്നു. ഇതൊരു സെൻട്രൽ ആക്ടാണ്. ആ സെൻട്രൽ ആക്ടിൽ കൊണ്ടുവരുന്ന ഭേദഗതി ഇൻഡ്യയെ മുഴുവൻ ബാധിക്കുന്ന ഭേദഗതിയാണ്. 213-ാം വകുപ്പിൽ "Muhammadans" എന്ന വാക്കിനുശേഷം 'Indian Christians' എന്ന് ചേർക്കണമെന്നുള്ളതാണ് ഭേദഗതി. "Indian Christians' means a native of India who is, or in good faith claims to be, of unmixed Asiatic descent and who professes any form of Christian religion". ഇൻഡ്യൻ ക്രിസ്ത്യാനി എന്നു പറഞ്ഞാൽ കേരളത്തിൽ മാത്രമല്ല, ഗോവയിൽ, മഹാരാഷ്ട്രയിൽ, ബോംബെയിൽ, ഇൻഡ്യയുടെ എല്ലാ ഭാഗത്തും ഉണ്ടാകും. അപ്പോൾ കേരളാ സ്റ്റേറ്റിനു മാത്രമായിട്ട് ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നാൽ അത് നിയമ പ്രകാരം നിലനിൽക്കുമോ? ഇവിടെ ഈ ഇൻഡ്യൻ പിൻതുടർച്ചാവകാശ ബില്ലിൽ "മുഹമ്മദൻ" എന്ന് പ്രത്യേകമായി ചേർത്തിട്ടുണ്ട്. അപ്പോൾ ഇത് സെൻട്രൽ ആക്ടു പ്രകാരംതന്നെ വേണ്ടയെന്നാണ് ഞാൻ ചോദിക്കുന്നത്. നിയമപ്രകാരം ഇത് നിലനിൽക്കാൻ പ്രയാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly